യാത്രക്കൂലി വർദ്ധന

324 (330) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. സ്വകാര്യ ബസ് എന്നിവയിൽ അവസാനമായി യാത്രക്കൂലി വർദ്ധിപ്പിച്ചത് എന്ന് മുതലാണ് ;

(ബി) ഡീസൽവില കുറഞ്ഞിട്ടും യാത്രക്കൂലിയിൽ വരുത്തിയ വർദ്ധന കുറയ്ക്കാത്തതിന് കാരണം വ്യക്തമാക്കുമോ ;

(സി) എണ്ണവില കുറഞ്ഞിട്ടും വർദ്ധിപ്പിച്ച ഓട്ടോ, ടാക്സി കൂലി ഉൾപ്പെടെയുള്ള യാത്രാ നിരക്ക് കുറയ്ക്കാത്തത് നീതിയുക്തമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 20-5-2014 മുതൽ

(ബി) ഡീസൽ നിരക്കിൽ വ്യതിയാനങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിലും, ടയർ, സ്പെയർ പാർട്സ്, ജീവനക്കാരുടെ ശമ്പളം, മറ്റ് അനുബന്ധ സാമഗ്രികളുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. പൂർണ്ണമായും സൗജന്യ യാത്രയും ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. യാത്രാ നിരക്ക് ഇളവ് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ജസ്റ്റീസ് രാമചന്ദ്രൻ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. റിപ്പോർട്ട് ഗവൺമെൻറിന്റെ പരിശോധനയിലാണ്.

(സി) 'ബി' പിരിവിലെ ഉത്തരവിന്റെ വെളിച്ചത്തിൽ ബാധകമല്ല.

വാഹനങ്ങളുടെ വേഗപരിധി

325 (331) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എം.വി. നിയമപ്രകാരം ഓരോതരം വാഹനത്തിനും അനുവദനീയമായ വേഗപരിധി പട്ടിക തിരിച്ച് വിശദമാക്കുമോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വാഹനങ്ങളുടെ വേഗപരിധി വിഷയത്തിൽ എന്തെങ്കിലും ഭേദഗതികൾ വരുത്തിയിരുന്നോ; വിശദ വിവരം നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വേഗതാപരിധി പാലിക്കുന്നതിൽ ഏതെങ്കിലും വാഹനങ്ങൾക്ക് ഇളവ് നൽകിയിട്ടുണ്ടോ ; എങ്കിൽ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) ഇളവ് അൻവദിച്ചതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിവിധ വാഹനങ്ങളുടെ വേഗപരിധി പുതുക്കി പുറപ്പെടുവിച്ച വിജ്ഞാപനം (SRO നമ്പർ 192/2014)ന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഇല്ല.

(ഡി) ബാധകമല്ല.

രാമനാട്ടുകര പൂളാടിക്കുന്ന് ബൈപ്പാസിൽ ബസ് സർവ്വീസ്

326 (332) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാമനാട്ടുകര പൂളാടിക്കുന്ന് ബൈപ്പാസിൽ ബസ് സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച് കോഴിക്കോട് ജില്ലാ വികസന സമിതി പ്രമേയം പാസാക്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) ബൈപ്പാസിൽ ബസ് സർവ്വീസ് ഇല്ലാത്തത് പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായ പരാതി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) രാമനാട്ടുകര പൂളാടിക്കുന്ന് ബൈപ്പാസ് റൂട്ടിൽ പുതിയ സർവ്വീസ് ആരംഭിക്കുന്നതിലേക്കായി 2 ഷെഡ്യൂളുകൾക്ക് കെ.എസ്.ആർ.ടി.സി. അനുമതി നൽകിയിട്ടുണ്ട്. ബസ്സിന്റെ ലഭ്യതയനുസരിച്ച് ടി സർവ്വീസുകൾ ആരംഭിയ്ക്കാവുന്നതാണ്.

(സി) നിലവിൽ തിരുവമ്പാടി യൂണിറ്റിൽ നിന്നും തൊണ്ടയാട് ബൈപ്പാസ് രാമനാട്ടുകര വഴി കോഴിക്കോട് യൂണിവേഴ്സിറ്റിയിലേക്ക് കെ.എസ്.ആർ.ടി.സി.-യുടെ 2 ട്രിപ്പുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. കോഴിക്കോട് ജില്ലയിൽ ജൻറാം പദ്ധതി പ്രകാരം പുതിയതായി ലഭിക്കുന്ന ബസ്സുകൾ പ്രയോജനപ്പെടുത്തി ടി റൂട്ടിലെ യാത്രാക്ലേശം പരിഹരിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly